71 (573) വനഭൂമി തിരിമറി

ശ്രീ. എൻ. കണ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മമ്പാട് പഞ്ചായത്തിലെ പുള്ളിപ്പാടം വില്ലേജിൽ റീസർവെ 1-ൽ പ്പെട്ട വനഭൂമി തിരിമറി ചെയ്യാൻ കൃത്രിമ രേഖ ഉണ്ടാക്കിയ സംഭവത്തിൽ ഏതെല്ലാം സർക്കാർ ഉദ്യോഗസ്ഥൻമാർക്കാണ് പങ്കുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര ഏക്കർ ഭൂമിയാണ് ഇങ്ങനെ കൃത്രിമ രേഖയുണ്ടാക്കി പതിച്ചുനൽകാൻ തീരുമാനിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് അന്വേഷണത്തിന് ആർ.ഡി.ഒ.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആർ.ഡി.ഒ. പരാതിക്കാരെ വിളിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ ഭൂമി തിരിമറിക്കേസിൽ പങ്കുള്ള ഉദ്യോഗസ്ഥൻമാർക്കെതിരെ എന്ത് ശിക്ഷാ നടപടിയാണ് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്നു കണ്ട ശ്രീമതി ആർ. സുജാതമ്മ വില്ലേജ് ഓഫീസർ ശ്രീ. പി. നാരായണൻ, സ്പെഷ്യൽ വില്ലേജ് ഓഫീസർ, ശ്രീ. യു. അഹമ്മദ്, മുൻ വില്ലേജ് അസിസ്റ്റന്റ് എന്നിവരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) 350 ഏക്കർ

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ കൺട്രോൾ ആന്റ് അപ്പീൽ) റൂൾ പ്രകാരം നടപടി എടുത്തുവരുന്നു.

72 (574) പണയ ഭൂമി വാങ്ങിയ കൃഷിക്കാർ നേരിടുന്ന കുടിയിറക്ക് ഭീഷണി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കണ്ണൂർ ജില്ലയിൽപ്പെട്ട പെരിങ്ങോം വയക്കര പഞ്ചായത്തിലെ ജോസ് ഗിരിയിൽ, കെ.എഫ്.സി.ക്ക് പണയപ്പെടുത്തിയിരുന്ന ഭൂമി, ഇക്കാര്യം മറച്ചുവച്ചുകൊണ്ട് ഭൂവുടമ കൈമാറ്റം നടത്തുകയും ഇങ്ങനെ ഭൂമി വാങ്ങിയ കൈവശ കൃഷിക്കാർ നേരിടുന്ന കുടിയിറക്ക് ഭീഷണി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാനുള്ള ശ്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് റവന്യൂ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ജോസ്ഗിരി പ്രദേശത്തെ കുടിയൊഴിപ്പിക്കൽ സംബന്ധിച്ച് വിളിച്ച് കൂട്ടിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിൽ പ്രസ്തുത ഭൂമിയുടെ വിലയും ദേഹണ്ഡവിലയും റവന്യൂ അധികൃതരും, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ഉദ്യോഗസ്ഥരും കൂട്ടായി നിർണ്ണയിക്കണമെന്നും, തുടർന്ന് ഇപ്രകാരം നിശ്ചയിക്കുന്ന വിലയീടാക്കി പട്ടയം നൽകുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതുണ്ടെന്നും തീരുമാനമെടുത്തിരുന്നു. മേൽ തീരുമാനപ്രകാരം ഭൂമിയുടെ വില കണക്കാക്കുകയുണ്ടായെങ്കിലും പ്രസ്തുത വില സ്വീകാര്യമാണെന്ന് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ വ്യക്തമാക്കിയിട്ടില്ല. ഭൂമിയുടെ വില സംബന്ധിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

73 (575) ആനവിറ്റി കേസ്സുകൾ

ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. പ്രകാശ് ബാബു : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര ആനവിറ്റി കേസുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ആനവിറ്റി കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇന്നു നൽകുന്ന ആനവിറ്റി നിരക്കു നിശ്ചയിച്ചതെന്നാണ്; ഈ നിരക്കു പുതുക്കി നിശ്ചയിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇനി 220 ആനവിറ്റി കേസ്സുകൾ തീർപ്പുകൽപ്പിക്കുവാൻ ബാക്കിയുണ്ട്.

(ബി) 346 ആനവിറ്റി കേസ്സുകൾ ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം തീർപ്പാക്കിയിട്ടുണ്ട്.

(സി) 1.1.1970-ൽ നിലവിലുണ്ടായിരുന്ന കരാർ പാട്ടത്തിന്റെ അടിസ്ഥാനത്തിലാണ് ആനവിറ്റിയുടെ നിരക്കു നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത നിരക്കു വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കെ.എൽ.ആർ.ആക്ട്, 1963 ഭേദഗതി ചെയ്യുന്നതിലൂടെ മാത്രമേ വർദ്ധനയ്ക്കുള്ള തീരുമാനം നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ആക്ട് ഭേദഗതി നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചു വരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly